NR 101 GR 400

**//CRASH/ VERY URGENT//**

## സി.ഓ.ബി. സന്ദേശം

സ്വീകർത്താവ് : എല്ലാ എസ്.എച്ച്.ഓ മാർക്കും

അറിവിലേക്ക് : എ.ഡി.ജി.പി. ക്രമസമാധാനം /
ഐ.ജി.പി. സൗത്ത് /നോർത്ത് സോൺ
എല്ലാ റെയിഞ്ച് ഡി.ഐ.ജി.പി.മാർക്കും /
എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും

പ്രേക്ഷിതൻ : സംസ്ഥാന പോലീസ് മേധാവി, കേരളം

---

നം. റ്റി -9/103231/2020/പി.എച്ച്.ക്യു തീയതി. 13.05.2021

---

08.05.2021 മുതൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച 06/05/2021 തീയതിയിലെ G.O.(RT)NO.404/2021/DMD സർക്കാർ ഉത്തരവ് കാണുക(.) പ്രസ്തുത ഉത്തരവിലെ 17-ാം വകുപ്പ് ഇപ്രകാരം പറയുന്നു "എല്ലാ നിർമ്മാണ അനുബന്ധ പ്രവൃത്തികളും അനുവദിക്കേണ്ടതാണ്, MGNREGA, അയ്യങ്കാളി എംപ്ലോയ്മെൻറ് ഗ്യാരൻറി സ്കീം തുടങ്ങിയ പ്രവൃത്തികൾ പരമാവധി അഞ്ച് വ്യക്തികളെ ഉപയോഗിച്ച് നിർവ്വഹിക്കുന്നതിനും, കൃത്യമായ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള തൊഴിലാളികളുടെ തൊഴിൽ സ്ഥലത്തേയ്ക്കുള്ള യാത്രയും അനുവദിക്കേണ്ടതാണ്"(.) കൃത്യമായ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള എല്ലാ നിർമ്മാണ പ്രവൃത്തികളും അനുവദിച്ചിട്ടുള്ളതായി മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് വ്യക്തമാക്കുന്നുണ്ട്(.)

പോലീസ് ഓഫീസർമാർ നിർമാണ പ്രവർത്തനങ്ങൾ തടസപ്പെടുത്തുന്നത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ധാരാളം പരാതികൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്(.) ആയത് മുൻ വർഷത്തേതുപോലെ അന്യസംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ പാലായനം ചെയ്യുന്ന സ്ഥിതി വിശേഷത്തിലേക്ക് നയിക്കാവുന്നതാണ്(.) ഇത് നമ്മുടെ സംസ്ഥാനത്തെ ദോഷകരമായി ബാധിക്കാവുന്ന ഗുരുതരമായ സാമൂഹിക

സാമ്പത്തിക പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുന്നതാണ്(.) പോലീസ് ഓഫീസർമാർ നിർമ്മാണ പ്രവൃത്തികൾ നടക്കുന്ന സ്ഥലങ്ങളിലേക്ക് തൊഴിലാളികളെ എത്തിക്കുന്ന ബസുകളും മറ്റുവാഹനങ്ങളെയും തടയുന്നതായി വിവരം ലഭിച്ചിട്ടുണ്ട്(.)

നിലവിലുള്ള കോവിഡ് നിയന്ത്രണ ഉത്തരവ് പ്രകാരം എല്ലാവിധ സർക്കാർ - സ്വകാര്യ നിർമ്മാണ പ്രവൃത്തികളും അനുവദിക്കപ്പെട്ടിട്ടുള്ളതാണെന്ന വിവരം ഒരിക്കൽ കൂടി ആവർത്തിക്കുകയാണ്(.) കൃത്യമായ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് തൊഴിലാളികളെ നിർമ്മാണ പ്രവൃത്തികൾ നടക്കുന്ന സ്ഥലങ്ങളിലേക്കും തിരിച്ചും എത്തിക്കുന്ന എല്ലാ വാഹനങ്ങളെയും അനുവദിച്ചിട്ടുള്ളതിനാൽ, യാതൊരു കാരണവശാലും ആയത് തടസ്സപ്പെടുത്തുവാൻ പാടുള്ളതല്ല(.) നിർമ്മാണ സാമഗ്രികളുടെ സുഗമമായ വിതരണത്തിന് ആയത് വിൽക്കുന്ന കടകളെയും തുറന്ന് പ്രവർത്തിക്കുവാൻ അനുവദിക്കേണ്ടതാണ്(.)

മേൽ നിർദ്ദേശങ്ങൾ ആയതിന്റെ പൂർണ്ണമായ അർത്ഥത്തിൽ പാലിക്കപ്പെടുന്നു എന്ന് എല്ലാ ഉദ്യോഗസ്ഥരും ഉറപ്പുവരുത്തേണ്ടതും, സംസ്ഥാനമൊട്ടാകെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ ഏകീകൃത സ്വഭാവം പാലിക്കപ്പെടേണ്ടതുമാണ്(.) ജില്ലാ പോലീസ് മേധാവിമാർ എല്ലാ റാങ്കിലുമുള്ള ഉദ്യോഗസ്ഥർക്കായി മലയാളത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്(.) ഈ ഉത്തരവുകൾ നടപ്പിലാക്കുന്നതിൽ യാതൊരു ആശയക്കുഴപ്പവും ഉണ്ടാകാനിടനൽകാത്തവിധം **Zata**-യിലൂടെയും മേൽ നിർദ്ദേശങ്ങൾ വിശദമായി പരാമർശിക്കേണ്ടതാണ്(.)

---

**സംസ്ഥാന പോലീസ് മേധാവിക്ക് വേണ്ടി,**
എ.ഡി.ജി.പി., ഹെഡ് ക്വാർട്ടേഴ്സ്.

**പകർപ്പ്:** പോലീസ് ആസ്ഥാനത്തെ എല്ലാ സ്റ്റാഫ് ഓഫീസർമാർക്കും/
കോവിഡ് കൺട്രോൾ റൂം, പോലീസ് ആസ്ഥാനം.

TH- 1420 / 13.05.2021

Received@14:32:47 05/13/2021